# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വെള്ളനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.6/1777/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 14/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.6/1777/2024

തീയ്യതി: 14/12/2024

# തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം

ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2024 | 28-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2024 | 28-10-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി പ്രിയദർശിനി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ടിനു കെ.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അക്ഷര.ബി.എസ്, ഓഡിറ്റർ
ശ്രീ.അജിത്ത്.ആർ.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജലക്ഷ്മി.കെ.എസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.വി.ജി.ഗോപകുമാർ | സെക്രട്ടറി | 01-04-2023 | 22-08-2023 |
| ഒഴിവ് | സെക്രട്ടറി | 23-08-2023 | 07-09-2023 |

| | | | |
|---|---|---|---|
| ശ്രീമതി മിനി.ജെ | സെക്രട്ടറി | 08-09-2023 | 31-03-2024 |

# <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | ( |
|---|---|---|---|
| ശ്രീ.ഉല്ലാസ് | കൃഷി ഓഫീസർ | 01-04-2023 | |
| ശ്രീമതി അമൃത രാജ്.ആർ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | |
| ഡോ.ഭദ്ര | വെറ്റിനറി സർജൻ | 01-04-2023 | |
| ശ്രീമതി സുമ.എൻ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | |
| ശ്രീമതി ബീന കുമാരി.കെ.പി | ഹെഡ്മിസ്ട്രസ് | 01-04-2023 | |
| ശ്രീ.പ്രശാന്ത് | ഫിഷറീസ് ഓഫീസർ | 01-04-2023 | |
| ഡോ.അജിത് അബ്രഹാം | മെഡിക്കൽ ഓഫീസർ, CHC | 01-04-2023 | |
| ഡോ.രാജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | |
| ഡോ.സഫീന എബ്രഹാം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 25-08-2023 | |
| ശ്രീ.സുരേഷ് ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 26-08-2023 | |
| ശ്രീമതി സുനിത ദേവരാജ് | അസിസ്റ്റന്റ് സെക്രട്ടറി | 11-09-2023 | |

| | | | |
|---|---|---|---|
| ശ്രീമതി അഞ്ചു.എ.ജെ | വില്ലേജ് എക്‌സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1) | 01-04-2023 | |
| ശ്രീമതി ശ്യാമിനി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) | 01-04-2023 | |
| ശ്രീ.പ്രേം കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) | 27-09-2023 | |
| ശ്രീമതി ലക്ഷ്മി | അസിസ്റ്റന്റ് എഞ്ചീനീയർ | 01-04-2023 | |
| ശ്രീമതി നിഷപിള്ള എച്ച്. | അസിസ്റ്റന്റ് എഞ്ചീനീയർ | 12-07-2023 | |
| ശ്രീമതി നിഷ സുകുമാരൻ | അസിസ്റ്റന്റ് എഞ്ചീനീയർ | 05-09-2023 | |
| ശ്രീമതി ശ്യാമിനി | വില്ലേജ് എക്‌സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2023 | |
| ശ്രീ. പ്രേംകുമാർ | വില്ലേജ് എക്‌സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 27-09-2023 | |
| ശ്രീമതി അഞ്ചു എ.ജെ. | വില്ലേജ് എക്‌സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2023 | |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയെ്ക്കാപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | തനത്ഫണ്ട് വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-2 |
| 4 | അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-3 |
| 5 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-1-5 |
| 7 | വസ്തു നികതി - സഞ്ചയ പ്രകാരമുള്ള വിവരവും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബാങ്ക് റിക്കൺസിലിയേഷൻ ചെയ്തില്ല | 1-1-7 |
| 9 | കളക്ഷൻ ആകാത്ത ചെക്കുകൾ Liability In Respect Of Stale ചെക്ക് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ചെക്കുകൾ നാളിത് വരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് വർക്കുകൾ - വാർഷിക ധനകാര്യ പത്രികയിൽ നിക്ഷേപ വിവരം രേഖപ്പെടുത്തിയില്ല | 1-1-10 |
| 12 | CMDRF-ലേക്ക് അടവാക്കേണ്ട തുക ബാധ്യതയായി സൂക്ഷിക്കുന്നു | 1-1-11 |
| 13 | അഡ്വാൻസ് രജിസ്റ്ററിലും ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല | 1-1-12 |

| | | |
|---|---|---|
| 14 | ലോൺ തുക - മുൻ വർഷത്തെ അപാകം പരിഹരിക്കാതെ മുന്നിരിപ്പ് രേഖപ്പെടുത്തി | 1-1-13 |
| 15 | Resemption തുക Penalties And Fines - Penal Interest ഹെഡിൽ രേഖപ്പെടുത്തി | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | മരണശേഷവും ക്ഷേമപെൻഷൻ അനുവദിച്ചു | 1-6-1 |
| 22 | ക്ഷേമ പെൻഷൻ | 1-6 |
| 23 | ക്യാഷ് പരിശോധന | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ലൈസൻസ് - അപാകങ്ങൾ | 1-11 |
| 28 | ലേലം- വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 29 | ലേലം - പിഴ പലിശ ഈടാക്കിയില്ല | 1-13 |
| 30 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-14 |
| 31 | വസ്തു നികുതി - പുതുക്കിയ നിരക്കിൽ നിശ്ചയിച്ചില്ല | 1-15 |
| 32 | തൊഴിൽ നികുതി - ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 33 | രസീത് പരിപാലനത്തിലെ അപാകങ്ങൾ | 1-17 |
| 34 | സകർമ്മ മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല | 1-18 |
| 35 | ബാഡ്മിന്റൺ കോർട്ടിലേക്ക് സിന്തറ്റിക് ഫ്ലോർ മെറ്റീരിയൽ വാങ്ങൽ - 2,89,959/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 36 | ശ്മശാനത്തിൽ സി.സി.ടി.വി. ഇൻസ്റ്റലേഷനും ഉദ്യാനവൽക്കരണവും - 2,99,000/- രൂപയുടെ | 1-20 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു | |
| 37 | ഫയലുകൾ ഹാജരാക്കിയില്ല - 11,51,164/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 38 | വെജിറ്റബിൾ പ്രോസസിംഗ് യൂണിറ്റ് -പ്രവർത്തിക്കുന്നില്ല. | 1-22 |
| 39 | ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പാക്കേണ്ടതാണ് | 1-23 |
| 40 | പ്ലാസ്റ്റിക് ഷ്രഡിംഗ് കെട്ടിട നിർമ്മാണം - പണി പൂർത്തിയാക്കി ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല | 1-24 |
| 41 | പെരിഞ്ഞോട്ടുകോണം എൽ.പി.എസ്.-ൽ മേൽക്കൂര മാറ്റലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ - പൊളിച്ചുമാറ്റിയ ഉരുപ്പടികൾ ലേലം ചെയ്ത വിവരം ലഭ്യമല്ല. | 1-25 |
| 42 | ശുചിത്വവും സുസ്ഥിര വികസനവും - ഹരിതകർമ്മ സേനയുടെ പ്രവർത്തനാവലോകനം | 1-26 |
| 43 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയായില്ല | 1-27 |
| 44 | വെള്ളനാട് ഫെസ്റ്റ് - അധികം ചെലവ് ചെയ്ത 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 45 | ജലജീവൻ മിഷൻ - ലഭ്യമായ തുക ചെലവഴിക്കേണ്ടതാണ് | 1-29 |
| 46 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 6,66,129/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 6 അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷ് എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.18/തീ.24-10-2024)ക്ക് 2024-25 സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരി

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എ തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധന പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയി ഭരണ സമിതിയുടെ 21.06.2024 തീയതിയിലെ 7-ാം നമ്പർ തീരുമാനം പ്ര 09.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേര (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമാ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പ എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫി നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായ പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള

വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായ
അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കു

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ
ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പേ
നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്ന

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ
വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വ
പത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷ
ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന
ചിത്രം നൽകുന്നു.

## <u>1-1-2 തനത്ഫണ്ട് വരുമാനവും ചെലവും ക്രമീകരിച്ചത</u>
## <u>ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്ക</u>

തനത്ഫണ്ട് വരുമാനവും ചെലവും (പഞ്ചായത്ത് ഫണ്ട്) നിർണയിച
വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീക
നൽകിയ ഓഡിറ്റ് എൻക്വയറി(നം.18/തീ.24-10-2024)ക്ക് ലോക്കൽ ന
ഷെഡ്യൂൾ കാണപ്പെടുന്നതെന്നും ILGMS സോഫ്റ്റ് വെയറിൽ ആയത
മറുപടിയാണ് ലഭ്യമാക്കിയത്. IKM ആയി ബന്ധപ്പെട്ട് അപാകം പരിഹരി

## <u>1-1-3 അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേ</u>
## <u>വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തി</u>

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം
അക്രൂവൽ അടിസ്ഥാനത്തിൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര
സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട
പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ
ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെ
എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ്
തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയത |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301744/31-03-2024 |

| | | |
|---|---|---|
| 110100102 | Property Tax On Non Residential Buildings | 42301745/31-03-2024 |
| **110200101** | **Profession Tax - Institutions** | 42301730/31-03-2024 |
| **110200105** | **Profession Tax - Traders** | 42301732/31-03-2024 |
| | | 42301753/31-03-2024 |

അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.18/തീ.24-10-2024 മാത്രമേ തൊഴിൽ നികുതിയുടേയും വസ്തു നികുതിയു ലഭ്യമാകുകയുള്ളൂവെന്ന് മറുപടി ലഭ്യമാക്കി. അക്രൂവൽ ഇനങ്ങളുടെ ഡ ചെയ്യേണ്ടതാണ്.

## 1-1-4 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വി (ഉദാ. ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധന ചെലവ്) ബാല ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയത് സൂചിപ്പിച്ച് എൻക്വയറിക്ക് (നം.18/തീ.24-10-2024) ജനപ്രതിനിധികളുടെ ഓണറേറിയ മുതലായവക്ക് ILGMS സോഫ്റ്റ് വെയറിൽ ബി-9 ഷെഡ്യൂള രേഖപ്പെടുത്തുന്നതിനുള്ള ഹെഡ് നിലവിൽ ഇല്ലെന്നും Recovery പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് ഹെഡ് ഉള്ളുവെന്നും മറുപടി ല പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-5 വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്ത രേഖകൾ ഹാജരാക്കിയില്ല

Income & Expenditure സ്റ്റേറ്റ്മെന്റിലെ Prior Period Income – Property Tax എന്ന ഹെ രൂപ വസ്തു നികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ആയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് തീ.24-10-2024) നൽകിയെങ്കിലും ഇവ ലഭ്യമാക്കിയില്ല. ആയതിനാ എൻട്രികളുടെ കൃത്യത പരിശോധിക്കാനായില്ല. ലഭ്യമാക്കിയ മറുപടി ഡിമാന്റ് അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രിക ത ആയതിനാലാണ് 1,16,889/- രൂപ വസ്തുനികുതിയുടെ ഡിമ വരുത്തിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

## 1-1-6 വസ്തു നികതി - സഞ്ചയ പ്രകാരമുള്ള വിവരവും കണക്കുകളും പൊരുത്തപ്പെടുന്നില്ല

Property Tax (Residential And Non Residential Buildings)ന്റെ വാർഷിക ധനകാര സഞ്ചയ സ്റ്റേറ്റ്മെന്റിലെയും ഡിമാന്റ്, വരവ്, നീക്കിയിരിപ്പ് തുകകൾ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് (രൂ.) | | കളക്ഷൻ (രൂ.) | | ബ (ൈ സെസ് |
|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷ ധനകാ പത്രി |
| Property Tax On Residential Building - Current | 2803841 | 2801217 | 2063969 | 2009939 | 88 |
| Property Tax On Non Residential Building - Current | 3097438 | 3097621 | 2277560 | 2208698 | 97 |

അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/തീ.24 ധനകാര്യ പത്രികയിൽ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമ രേഖപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ കളക്ഷൻ സഞ്ചയ സേ അപാകതകൾ കാരണം കൃത്യമായി രേഖപ്പെടുത്താൻ കഴിയുന്ന ലഭ്യമാക്കി. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-7 ബാങ്ക് റിക്കൺസിലിയേഷൻ ചെയ്യില്ല

CANARA BANK VELLANAD (110075912764) ബാങ്ക് അക്കൗണ്ടിന്റെ 31-03-2024 പാസ്സ്ബുക്ക് പ്രകാരം '0' രൂപയും ബാങ്ക് ബുക്ക് പ്രകാരം -3,874/- രൂപയു പ്രകാരവും ബാങ്ക് ബുക്ക് പ്രകാരവും നീക്കിയിരിപ്പ് വ്യത്യാസമാണെങ്ക ചെയ്യില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പി എൻക്വയറിക്ക് (നം.18/തീ.24-10-2024) റീക്കൺസിൽ ചെയ്യിട്ടുണ്ടെന്ന റീക്കൺസിൽ ചെയ്യാത്ത സ്റ്റേറ്റ്മെന്റുമാണ് ലഭ്യമാക്കിയത്. ILGMS സേ റീക്കൺസിൽ ചെയ്യതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ വ്യത്യാസം രേഖകൾ ലഭ്യമാക്കേണ്ടതാണ്. റീക്കൺസിലിയേഷൻ യഥാസമയം ചെയ്യേ

## 1-1-8 കളക്ഷൻ ആകാത്ത ചെക്കുകൾ Liability In Respect Of ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് കാലഹരണപ്പെട്ട വിവിധ ചെക്കുകൾ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ Respect Of Stale ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

1) Sub Treasury Vellanad (799013000000779) അക്കൗണ്ടിന്റെ Reconc പരിശോധിച്ചതിൽ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ ത അവശേഷിക്കുന്നു.

| ഇൻസ്ട്രമെന്റ് നം. | ഇൻസ്ട്രമെന്റ് തീയതി | വൗച്ചർ നമ്പർ | വൗച്ചർ തീയതി | തു (രൂ |
|---|---|---|---|---|
| 2327972 | 01-11-2023 | 22300782 | 15-11-2023 | 7 |

2) STATE BANK OF INDIA (67124405148) അക്കൗണ്ടിന്റെ Reconc പരിശോധിച്ചതിൽ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ ചെക്കുകൾ അവശേഷിക്കുന്നു.

| ക്രമ നം. | ഇൻസ്ട്രമെന്റ് നം. | ഇൻസ്ട്രമെന്റ് തീയതി | വൗച്ചർ നമ്പർ | വൗച്ചർ തീയതി |
|---|---|---|---|---|
| 1 | 123 | 15-03-2022 | 22301554 | 31-03-2024 |
| 2 | 899220 | 12-10-2023 | 2230073 | 09-11-2023 |
| 3 | 899199 | 15-09-2023 | 22300589 | 22-09-2023 |

നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.05/തീ.21-10-2024, തൻവർഷത്തെ വരവിലെടുത്ത് ക്രമീകരിക്കുന്നതാണെന്ന് മറുപടി ല പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-9 ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ചെക്കുകൾ ന ക്രെഡിറ്റ് ആയിട്ടില്ല

STATE BANK OF INDIA (67124405148) അക്കൗണ്ട് പരിശോധിച്ചതിൽ 2019-20 ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ചെക്കുകൾ നാളിത് വരെ ക്രെഡിറ് Deposited But Not Cleared). വിശദ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. | തീയതി | ഇൻസ്ട്രമെന്റ് നം. | തീയതി | തുക (രൂ.) |
|---|---|---|---|---|
| 120090900046 | 05-02-2022 | 1 | 05-02-2022 | 18,75 |
| 121010500065 | 15-03-2022 | 066196 | 15-03-2022 | 1,02 |
| 121010500067 | 15-03-2022 | 066196 | 15-03-2022 | 6,30 |
| 1220103450 | 29-12-2022 | 101540 | 29-12-2022 | 11 |
| 1220103451 | 29-12-2022 | 101540 | 29-12-2022 | 5 |
| 1230400027 | 30-03-2024 | 432516 | 21-03-2024 | 18,71 |
| 31900079 | 19-06-2019 | 293570 | 19-06-2019 | 130,54 |
| 120010500035 | 28-10-2020 | 770022 | 28-10-2020 | 15,10 |
| 121010500066 | 15-03-2022 | 066196 | 15-03-2022 | 6,30 |

ക്രെഡിറ്റ് ആകാത്ത ചെക്കുകളിലെ തുകകൾ ഈടാക്കാത്തതി ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൻവർഷത്തെ വരവിൽ എടുത്ത് ക്രമീകരിക്കുന്നതാണ് എന്ന മറുപടിയ റീക്കൺസിലിയേഷൻ വിവരങ്ങൾ പ്രകാരം പഞ്ചായത്തിന് ലഭി തൻവർഷത്തെ വരവിൽ എടുത്ത് ക്രമീകരിക്കുന്നതാണ് എന്ന മറുപടി 

മേൽ തുകകൾ ഏതിനത്തിൽ ലഭിക്കാനുള്ളതാണെന്നും നാളിത
ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ഡെപ്പോസിറ്റ് വർക്കുകൾ - വാർഷിക ധനകാര്യ നിക്ഷേപ വിവരം രേഖപ്പെടുത്തിയില്ല

സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷം കെ.എസ്.ഇ.ബി.-ക്ക് ത
ചേർത്ത നിക്ഷേപ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പേര് | ചെലവ് തുക (രൂ.) |
|---|---|---|
| 316/2024 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 125 |
| 317/2024 | ഗതാഗത തടസ്സമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 7 |
| 261/2024 | ഗതാഗത തടസ്സമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 184 |
| 331/2024 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 355 |

460500202 - Advance To Implementing Agencies - Deposit With Kerala Electricity Board ഹെ
രേഖപ്പെടുത്തിയിട്ടില്ല. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറ
2024) മേൽ തുകകൾ 460500202 ഹെഡിൽ ജേർണൽ
ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകം പര
അറിയിക്കേണ്ടതാണ്.

## 1-1-11 CMDRF-ലേക്ക് അടവാക്കേണ്ട തുക ബാധ്യതയായി സൂക്ഷിക്കുന്നു

320900101 - Donations To CMDRF - ഹെഡിൽ 31-03-2024ൽ 25,336/- രൂപ നീക്കി
വരെയും ആയത് CMDRF-ലേക്ക് അടവാക്കി ബാദ്ധ്യത ക്രമീകരിച്ചില്ല.
മുൻവർഷങ്ങളിലാണ് ക്രെഡിറ്റ് ആയത്. 1,000/- രൂപ 14-11-2023ൽ ജയലക്ഷ്മി
നിന്നും 1230102398 നമ്പർ രസീത് മുഖേന ടി ഹെഡിൽ വരവ് വന്നതാണ
മേൽ 25,336/- രൂപ CMDRF-ലേക്ക് അടവാക്കാതെ ബാധ്യതയായി
വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡ
(നം.12/തീ.23-10-2024) 14-11-2023-ൽ ജയലക്ഷ്മി എന്ന വ്യക്തി ഗ്രാമ പഞ്ചായത
ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കിയ 1,000/- രൂപ ഹെഡ്
ക്രെഡിറ്റായതാണെന്നും ആയത് തൻവർഷം ക്രമീകരിക്കുന്നതാണെന്ന
വിശദാംശങ്ങൾ കണ്ടെത്തി തൻവർഷം നടപടി സ്വീകരിക്കുന്നത
ലഭ്യമാക്കി. അപാകങ്ങൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയ

## 1-1-12 അഡ്വാൻസ് രജിസ്റ്ററിലും ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല

1) 330500102 - Secured Loan From Co-Operative Banks ഹെഡ് പ്രകാരം 3,08,200/- രൂപ Loans - Loan From KURDFC ഹെഡ് പ്രകാരം 7,77,47,704/- രൂപയും നീക്കിയിരി ലോൺ വിവരങ്ങൾ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ലോണ

2) വാർഷിക ധനകാര്യ പത്രിക B-18 പ്രകാരം ഫെസ്റ്റിവെൽ അഡ്വാ പെർമനെന്റ് അഡ്വാൻസ് 200/- രൂപയും ടെംപററി അഡ്വാൻസ് 2,6 അഡ്വാൻസുകൾ 24,000/- രൂപയും ക്രമീകരിക്കാനുണ്ട്. എന്നാൽ അഡ്വാൻ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും ഇല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ തീ.22-10-2024) മറുപടി ലഭ്യമായില്ല. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജി വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-1-13 ലോൺ തുക - മുൻ വർഷത്തെ അപാകം പരിഹ മുന്നിരിപ്പ് രേഖപ്പെടുത്തി

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-1-19 പ്രക പദ്ധതിയുടെ വായ്പ ഇനത്തിൽ സർക്കാർ ഗ്രാന്റിൽ നിന്നും രണ്ട് ഗഡു ഉ ആകെ 66,09,974/- രൂപ (ജനറൽ 6030477 + എസ്.സി.പി. 507598 + റ്റി.എ ചെയ്തിരുന്നെന്നും, എന്നാൽ ഒരു ഗഡു കുറവ് ചെയ്തത് മാത്രമാണ് (ആ സുലേഖയിൽ പദ്ധതിയായി ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും തന്മൂലം വ വിവരം വാർഷിക കണക്കുകളിൽ (ബി-5) തെറ്റായി രേഖപ്പെടുത്തി പരാമർശിച്ചിട്ടുണ്ട്. ആയത് പരിഹരിക്കാതെയാണ് നിലവിലും വാർഷിക തയ്യാറാക്കിയത്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമു നീക്കിയിരിപ്പും യഥാർത്ഥമല്ല. ബാലൻസ് തെളിയിക്കുന്ന ലോൺ ര തയ്യാറാക്കിയിട്ടും ഇല്ല. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പര അപാകം പരിഹരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെ ലോൺ ബാധ്യത നിലനിന്നിട്ടും ആയതിന്റെ അടവ് നീക്കിയിരിപ്പ് സം രേഖയും സൂക്ഷിക്കാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെ നൽകിയ എൻക്വയറിക്ക് (നം.09/തീ.22-10-2024) മറുപടി ലഭ്യമായില്ല. അ വിവരം അറിയിക്കേണ്ടതാണ്.

## 1-1-14 Resemption തുക Penalties And Fines - Penal Interest ഹെഡി രേഖപ്പെടുത്തി

140200101 - Penalties And Fines - Penal Interest ഹെഡ് പ്രകാരം തൻ വർഷം അ വരവുണ്ട്. ടി ഹെഡിന്റെ ലെഡ്ജർ പ്രകാരം 31-03-2024ൽ 1230000532/തീ. 31-0 മുഖേന 90,30,333/- രൂപ വരവ് വന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്

Traditional Functions Fund Narration - Resemption (Payee: MANAGER, Type : Directly Cred
31-03-2024) എന്നാണ് ലെഡ്ജറിൽ ടി വരവിനെ രേഖപ്പെടുത്തിയത്. ടി വര
മാറ്റിയിട്ടുമില്ല. ആയതിനാൽ Penalties And Fines - Penal Interest ആയി
വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയത്. ഇത് ആര
ആവശ്യത്തിന് ലഭിച്ചതാണെന്ന വിവരവും തുക ക്രെഡിറ്റ് അ
അക്കൗണ്ടിന്റെ 26-10-2024 വരെയുള്ള സ്റ്റേറ്റ്മെന്റും
ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
മറുപടിയോ വിവരങ്ങളോ ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ
കൃത്യത പരിശോധിക്കാനായില്ല. Penalties And Fines - Penal Interest ഹെ
രേഖപ്പെടുത്തിയത് എന്താവശ്യത്തിനെന്ന് വിശദീകരണം ലഭ്യമാക്കേണ്ട

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എ
വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് (രൂ.) | റിവൈ |
|---|---|---|
| പാസ്സാക്കിയ തീയതി | 27/03/2023 | 0 |
| ഭരണ സമിതി തീരുമാനം | 1(1) | |
| മുന്നിരിപ്പ് | 19114750 | |
| പ്രതീക്ഷിത വരവ് | 465962004 | |
| ആകെ | 485076754 | |
| പ്രതീക്ഷിത ചെലവ് | 459985000 | |
| നീക്കിയിരിപ്പ് | 25091754 | |

## 1-3 സാമ്പത്തിക വിശകലനം

***റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം -***

| | |
|---|---|
| മുന്നിരിപ്പ് | |
| ഓഡിറ്റ് വർഷത്തെ വരവ് | |
| ആകെ | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | |
| നീക്കിയിരിപ്പ് | |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖല അടിസ്ഥ
മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗി
ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവ

| | **മേഖല** | **വിഭാഗം** | **അടങ്കൽ (രൂ.)** | **ചെലവ് (രൂ.)** | **ചെ %** |
|---|---|---|---|---|---|

| | | (മറ്റുള്ളവ ഒഴികെ) | (മറ്റുള്ളവ ഒഴികെ) | |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 9579396 | 5795667 | 60 |
| | പട്ടിക ജാതി | 760000 | 192000 | 25 |
| | പട്ടിക വർഗ്ഗം | 75000 | 75000 | 10( |
| **സേവനം** | പൊതുവിഭാഗം | 94974992 | 46222900 | 48 |
| | പട്ടിക ജാതി | 20405200 | 5582848 | 27 |
| | പട്ടിക വർഗ്ഗം | 422000 | 255839 | 60 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 42286855 | 14017427 | 33 |
| | പട്ടിക ജാതി | 1048300 | 924140 | 88 |
| | പട്ടിക വർഗ്ഗം | 128700 | 112748 | 87 |

2) സ.ഉ(കൈ)നം.84/2022/തസ്വഭവ./തീ. 19.04.2022 ഖണ്ഡിക ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാ എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡി ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാ എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശത ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ 

| **വിഭാഗം** | **അടങ്കൽ തുക (രൂ.) (മറ്റുള്ളവ ഒഴികെ)** | **ചെലവഴിച്ച തുക (രൂ.) (മറ്റുള്ളവ ഒഴികെ)** |
|---|---|---|
| വനിത ഘടക പദ്ധതി | 3927800 | 2174100 |
| കുട്ടികൾ | 1302748 | 1237888 |
| വൃദ്ധർ | 1467321 | 1216031 |
| ഭിന്നശേഷിയുള്ളവർ | 215000 | 213100 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 3920000 | 1580000 |

ലഭ്യമാകുന്ന തുകകൾ ഗുണഭോക്താക്കളെ കണ്ടെത്ത് ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-4 ഗ്രാന്റ് വിനിയോഗം</u>

| ഗ്രാന്റ് | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്ക ( |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19929122 | 19929122 | 26129223 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4643402 | 4643402 | 3298988 | |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 400101 | 400101 | 330839 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 3376000 | 3376000 | 3020552 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4500000 | 4500000 | 3894989 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9508650 | 9508650 | 4424313 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10629400 | 10629400 | 8470237 | |
| CSS | 0 | 0 | 0 | 975643 | |
| Sss | 0 | 0 | 0 | 10000000 | |

* വികസന ഫണ്ട് ജനറൽ-ലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ് ഉൾപ്പെടാത്തതിനാൽ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.
* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.
* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയു സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
* അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ബിൽ ജനറേറ്റ് ചെയ്യുന്നേ രേഖപ്പെടുത്തുന്നതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേ തുകകളും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക, എ.സി.ആർ. എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ വെ

## 1-5 പദ്ധതി അവലോകനം

### പദ്ധതി നിർവ്വഹണം

ഗ്രാമ പഞ്ചായത്തിലെ 2023-24ലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച ( ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ **(രൂ.)** | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് **(രൂ.)** | നടപ്പ ക്കാത് |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 2027396 | 14 | 1527596 | 0 |
| 2 | വെറ്ററിനറി സർജൻ | 09 | 4856000 | 07 | 2787700 | 02 |

| | | | | | | |
|---|---|---|---|---|---|---|
| 3 | എം.ഒ., പി.എച്ച്.സി. | 15 | 5901469 | 09 | 3348322 | 06 |
| 4 | എം.ഒ., ആയുർവ്വേദം | 03 | 1185000 | 03 | 1185000 | 0 |
| 5 | വി.ഇ.ഒ. | 40 | 72836062 | 18 | 20625380 | 22 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 9159459 | 15 | 5505360 | 0 |
| 7 | സെക്രട്ടറി | 47 | 20872962 | 33 | 13002096 | 14 |
| 8 | അസി. സെക്രട്ടറി | 13 | 2380200 | 07 | 1071092 | 06 |
| 9 | എ.ഇ., എൽ.എസ്.ജി.ഡി. | 120 | 53617270 | 68 | 20037346 | 52 |
| 10 | എച്ച്.എം, ഗവ.എൽ.പി.എസ്. | 10 | 2566000 | 08 | 2410906 | 02 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 02 | 2035000 | 01 | 1597771 | 01 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01 | 80000 | 01 | 80000 | 0 |

## ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക **(രൂ.)** | ചെലവ് തുക **(രൂ.)** |
|---|---|---|
| പൊതുവിഭാഗം (ജനറൽ) | 40616128 | 26129223 |
| എസ്.സി.പി. | 6258598 | 3298988 |
| ടി.എസ്.പി. | 568899 | 330839 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 16485417 | 6915541 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4875031 | 975643 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 35914755 | 10000000 |
| തനത് ഫണ്ട് | 21074241 | 8561643 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 9177125 | 2749680 |

| | | |
|---|---|---|
| മറ്റ് ജില്ലാ പഞ്ചായത്ത് | 8935125 | 662847 |
| മെയിന്റനൻസ് റോഡ് | 16013000 | 4424313 |
| മെയിന്റനൻസ് നോൺ റോഡ് | 15494000 | 8470237 |
| മറ്റുള്ളവ | 82075670 | 22840000 |

<u>**പദ്ധതി നിർവ്വഹണം**</u>

എ) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം. 84/2022/തസ്വഭവ/തീ. 19.04.202 സമിതി 19.01.2023ലെ 1(1), 1(2) തീരുമാന പ്രകാരം പുന:സംഘടിപ്പിച്ച ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല.

ബി) പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അ തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളു ബോർഡുകളിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സി) വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥരേഖ പ

ഡി) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ ചെയ്ത് വ്യക്തത വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സം ഓഡിറ്റ് എൻക്വയറിക്ക് (നം.11/തീ.22-10-2024) 2023-24 വാർഷിക പദ്ധതി ര ഭാഗമായി ചർച്ച ചെയ്തിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. എന്നാൽ ഇത് സം ലഭ്യമാക്കിയില്ല.

ഇ) മാർഗ്ഗരേഖ 3.5.6.3(എ)-യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് പദ്ധതികൾ നടപ്പിലാക്കിയില്ല.

എഫ്) മാർഗ്ഗരേഖ 3.5.6.3(ബി)-യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയില്ല.

ജി) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തെ Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

## വർക്കിംഗ് ഗ്രൂപ്പ്

ഖണ്ഡിക 3.1.2(ബി)-13 പ്രകാരം വാർഷിക പദ്ധതി ജില്ല ആസൂത്രണ സ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പു കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്ക നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/തീ.25-09-2024) താഴെ ചേ ലഭ്യമാക്കി.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | നടപ്പാക്ക വ |
|---|---|---|---|---|
| 1 | കൃഷി | 19-12-2022 | മുറ്റത്തൊരു മീൻതോട്ടം പദ്ധതി നടപ്പിലാക്കുക | ഒരു നടപ്പ |
| 2 | പട്ടികജാതി, പട്ടിക വർഗ്ഗ വികസനം | 19-12-2022 | എസ്.സി/എസ്.ടി കോളനിയിലേക്കുള്ള റോഡ് വികസനം | രണ്ട് ര നടപ്പ |
| 3 | സാമൂഹ്യ നീതി | 19-01-2023 | ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മിക്കുക | തൻ നടപ്പാ |
| 4 | ദാരിദ്ര്യ ലഘൂകരണം | 19-01-2023 | വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക | ഒരു നടപ്പ |
| 5 | വനിതാ വികസനം | 19-01-2023 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം എല്ലാ അങ്കണവാടികളിലും നടപ്പിലാക്കുക | തൻ നടപ്പാ |
| 6 | പൊതുമരാമത്ത് | 19-01-2023 | പുനലാൽ സബ് സെന്റർ കെട്ടിട നിർമ്മാണം | തൻ നടപ്പാ |
| 7 | ആരോഗ്യം | 19-12-2022 | പുനലാൽ സബ് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുക | തൻ നടപ്പാ |
| 8 | വിദ്യാഭ്യാസം, കലയും സംസ്കാരവും | 19-12-2022 | ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മിക്കുക | തൻ നടപ്പാ |

| | | | | |
|---|---|---|---|---|
| 9 | കുടിവെള്ളം ശുചിത്വം | 04-07-2022 | എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിക്കുക | ഒരു ( നടപ്പ |

**സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങ( നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | നടപ്പാക്ക വ |
|---|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും, കൃഷി | ഗുരുതരം | പൊതു കുളങ്ങളുടെ ശോചനീയാവസ്ഥ | നാല് പ്ര( നടപ്പ |
| 2 | മൃഗസംരക്ഷണം ക്ഷീരവികസനം | ഗുരുതരം | പാലിന്റെ ഉത്പാദന കുറവ് | ഒരു ( നടപ്പ |
| 3 | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | വാസയോഗ്യമായ പാർപ്പിടം ഇല്ലായ്മ | ആറ് പ്ര( നടപ്പ |
| 4 | ആരോഗ്യം | ഗുരുതരം | മരുന്നിനുള്ള ഫണ്ടിന്റെ അപര്യാപ്തത | മൂന്ന് പ്ര( നടപ്പ |
| 5 | കുടിവെള്ളം, ശുചിത്വം | ഗുരുതരം | കുടിവെള്ളം | ഒരു ( നടപ്പ |

പദ്ധതി വിഹിതം ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വിക( പൂർത്തീകരിക്കുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ( ചെലവഴിക്കുന്നതിനും കൂടുതൽ തുക പദ്ധതി വിഹിതത്തിലൂടെ സർക്കാർ ഉത്തരവുകൾ മാർഗ്ഗരേഖ എന്നിവ കൃത്യമായി അനുവർ( ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥ( ഉൾക്കൊള്ളേണ്ടതാണ്.

## 1-6-1 മരണശേഷവും ക്ഷേമപെൻഷൻ അനുവദിച്ചു

2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന( ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ ര( മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേര് ( ഡേറ്റബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്തിട്ടില്ല. മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെ( നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവായി തന്നെ തുടരുന്നു. ചില ഉദാ( ചേർക്കുന്നു.

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ ഐ.ഡി. | മരിച്ച തീയതി | അനർഹമ( കാലയള( |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഗോവിന്ദപ്പിള്ള, കുറ്റിക്കോണത്ത്, കിഴക്കുംകര വീട്, മേലാംകോട്, വെള്ളനാട് | (ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 30.09.2023 | 10/2023 മുത 5/2024 വരെയ 1600x8 രൂ ബാങ്ക്അക്കൗ നിക്ഷേപി |
| 2 | കെ. ഗോപാലകൃഷ്ണൻ നായർ, അനുരാഗ്, വാളിയറ, വെള്ളനാട് | (ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 17.11.2023 | 12/2023 മുത 5/2024 വരെയ 600x6 രൂ ബാങ്ക് അക്കൗ നിക്ഷേപി |
| 3 | ശാന്തകുമാരി അമ്മ ബി, കൃഷ്ണ വിലാസം, വാളിയറ, വെള്ളനാട് | (ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 26.11.2023 | 12/2023 മുത 5/2024 വരെയ 1600x6 രൂ ബാങ്ക് അക്കൗ നിക്ഷേപി |
| 4 | സോമൻ ഇ., സരിത ഭവൻ, ആറ്റുകാൽ കുളക്കോട്, വെള്ളനാട് | (ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 28.11.2023 | 12/2023 മുത 5/2024 വരെയ 1600x6 രൂ ബാങ്ക് അക്കൗ നിക്ഷേപി |

മേൽ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് ന അന്വേഷണക്കുറിപ്പിന് (നം.14/തീ.23.10.2024)ന് മറുപടി ലഭ്യമാക്ക വകുപ്പിന്റെ 23.09.2020ലെ സ.ഉ.(എം.എസ്.)നം.97/2020/ധന. പ്രകാരം സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തപക്ഷം അത് മൂ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈ അറിയിച്ചിട്ടുണ്ട്. നിലവിൽ അനർഹമായി നൽകിയ തുകകൾ ബാങ്കിൽ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക ആയതിനെപ്പറ്റി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അനർഹരായ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒ നടപടി ഊർജ്ജിതമാക്കേണ്ടതാണ്.

## 1-6 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3408400 | 293 |
| വിധവ പെൻഷൻ | 16634400 | 1318 |
| വാർദ്ധക്യകാല പെൻഷൻ | 33168800 | 3038 |
| വികലാംഗ പെൻഷൻ | 4653900 | 411 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1118400 | 98 |
| വിവാഹ ധനസഹായം | 50000 | |

## 1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പരിശോധന 23.10.2024 തീയതിയിൽ 03.00 PM സമയത്ത് ഉത്തരവാദിത്തപ്പെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,941/- തൊള്ളായിരത്തി നാൽപ്പത്തൊന്ന്) രൂപയുടെ ക്യാഷ് ബാലൻ ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീ അടിസ്ഥാനത്തിൽ ഐ.എൽ.ജി.എം.എസ്. വഴി ജോലി വിഭജിച്ച് നൽക ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, പരാതി രജിസ്റ്റർ മു നല്കിയിട്ടില്ല. 2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് മുൻവർഷങ്ങളിലേയും തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടി പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്റർ ചെയ്യുന്നില്ല. അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ ചേരുന്നില്ല. 202 വാർഡുകളിലും രണ്ട് പ്രാവശ്യം മാത്രമേ ഗ്രാമസഭ കൂടിയിട്ട വികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണ നിർവ്വഹ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നൽകാമെന്നിരിക്കെ പ നൽകുന്നതിലേക്കും ഗുണഭോക്തൃ തിരഞ്ഞെടുപ്പിലും മാത്ര പ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പദ്ധതി നിർവ്വഹണ ഘട്ടത്തിലും ശേഷവുമുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതും സ്വതന്ത്രവു വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്. ഗ്രാമസഭകളിൽ ഓഡിറ്റ് റി ചെയ്യപ്പെടുന്നില്ല. ഗ്രാമസഭകളിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങ ഉറപ്പാക്കേണ്ടതാണ്. എന്നാൽ അതുണ്ടായിട്ടില്ല. മേൽ വിഷയത്തിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ)നം. 198/2023/ത.സ്വ.ഭ.വ/തീ. 13.11.2023 സർക്കാർ ഉത്തര വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭര വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേന നടത്തുന്നത്. മേഖല അടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിം

നിർവ്വഹണ ഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡി എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുക നടത്തിയതിന്റെ രേഖകൾ ഇല്ല.

**<u>അക്കൗണ്ടുകൾ</u>**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പ പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാ പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുക തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തി

**ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്ന പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.**

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി ഈടാക്കേണ്ടതുണ്ട്.

ആസ്തി രജിസ്റ്റർ കാലികമല്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂ കാലതാമസം നേരിടുന്നു.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണം. അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കു സ്വീകരിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജോലി വിഭജനം കൃത്യമായി നിർവ്വഹി മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും ചെയ്തിട്ടില്ല. റ നടത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്ര എന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസി സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കേണ്ടതാ

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചാ പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന് ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാന അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാ

## <u>1-9 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധ</u>

| ഇനം | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) |
|---|---|---|---|---|
| ഭരണചെലവുകൾ | 974375 | 2069989 | 3044364 | 304436 |

| | | | | |
|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 53961000 | 53961000 | 5396100 |
| ആകെ | 974375 | 56030989 | 57005364 | 5700536 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റി ( ത |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | -- | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.10.2022 | 2019-20 മുതൽ 2021-22 വരെ | 13. |

## 1-11 ലൈസൻസ് - അപാകങ്ങൾ

ട്രേഡ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ, ലൈസൻസിനായുള്ള അപേ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്ന വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറി(നം.1/തീ.21.1 ലഭ്യമാക്കിയില്ല.

**1.** ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപന ട്രേഡ്സ് ലിസ്റ്റ് പ്രകാരം 2023-24 വർഷം പഞ്ചായത്ത് പരിധിയിര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു

| | |
|---|---|
| ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ | |
| ട്രേഡ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ | |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനു ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് ലെ ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവ ഉറപ്പ് വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**2.** കല്യാണമണ്ഡപങ്ങൾ, റേഷൻ കടകൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങ എന്നിവ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാ

കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനി
കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിര
ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.2019-
764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറ
പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായ
കല്യാണമണ്ഡപങ്ങൾ, റേഷൻ കടകൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങ
എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ
ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്

### 3. <u>മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല</u>

ലൈസൻസിനായുള്ള അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ
കൃത്യമായി രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപം രേഖ
ലൈസൻസ് ഫീ കൃത്യമായാണോ ഈടാക്കിയതെന്ന് പരിശോധിക്കാനാ

### 4. <u>യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ഈടാക്കിയിട്ടില്ല</u>

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര
പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)
വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ, നി
ഉപയോഗിക്കുന്ന സ്ഥലത്തിന് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ല
നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് യന്ത്രങ്ങളുടെ
അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാ
ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ
അപേക്ഷകരിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹ
ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകരുടെ പേരും മേൽവിലാസവും | ലൈസൻസ് നം./ തീയതി | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കു വൈദ്യുത യന്ത്രത്തിന്റെ കുതിരശക്ത |
|---|---|---|---|---|
| 1. | ഗ്രേസി ഹെലൻ, ജിജോ ഭവൻ, മിത്രാനികേതൻ, വെള്ളനാട് | JC4/1332/2023 19.04.2023 | നന്മ ഫ്ളോർമിൽ | 2 HP |
| 2. | അനൂപ് എ, രാസവി, ചാങ്ങ | JC4/1658/2023 20.04.2023 | ദക്ഷിണ മോട്ടോർസ് | 6 KW ( 8.04 HP |
| 3. | സി. മോഹനചന്ദ്രൻ, ഐശ്വര്യ ഭവൻ, കുലശേഖരം, കൊടുങ്ങാനൂർ | JC4/1665/2023 24.05.2023 | മോഹൻ സാമിൽ | 40 HP |
| 4 | ഖാലിദ് എം., ബിസ്മി ഹൗസ്, കുഴിവിള | JC4/2446/2023 18.05.2023 | ബിസ്മി ഫ്ളോർമിൽ | 15 HP |

| | | | | |
|---|---|---|---|---|
| 5 | ഷൈൻ എൻ. ആർ., ഷൈൻ ഭവൻ, സൈമൺ റോഡ്, ഉറിയാക്കോട് | JC4/2436/2023 12.05.2023 | ഇമ്മാനുവൽ ഹോളോബ്രിക്സ് | 5 HP |

കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള മോട്ടോർ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**5. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ ലഭ**

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളു പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെ സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനറ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അ വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. വെള്ളന പാരാമെഡിക്കൽ ലൈസൻസ് പൂർണ്ണമായും ILGMS സോഫ്റ്റ് വെയർ മ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ എത്ര പാരാമെഡിക്ക പ്രവർത്തിക്കുന്നുണ്ടെന്നും ഇവ എല്ലാം തന്നെ പാരാമെഡിക എടുത്തിട്ടുണ്ടോയെന്നും പരിശോധിക്കാനായില്ല. പ്രസ്തുത വിവരങ്ങൾ ര ഓഡിറ്റ് എൻക്വയറി(നം.3/തീ.21.10.2024)ക്ക് മറുപടി ലഭ്യമാക്കിയ പരിധിയിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് വിവ അറിയിക്കേണ്ടതാണ്.

## 1-12 ലേലം- വിവരങ്ങൾ ലഭ്യമാക്കിയില്ല.

ചുവടെ പറയുന്ന പഞ്ചായത്ത് വകകളുടെ ലേലം 02/06/2023, 12/06/2 നടത്തുന്നതിനായി ലേല പരസ്യം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അ പോയതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ലേല ഇനം |
|---|---|
| 1 | കണ്ണംപള്ളി വാർഡിൽ പെരിഞ്ഞാറമൂല ഗവ. എൽ. പി. സ്കൂ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ച് മാറ്റിയ പാഴ്തടി, ഓ എന്നിവയുടെ ലേലം |
| 2 | ശ്മശാനത്തിൽ പാകമായ 10 മൂട് വാഴക്കുലയും മരച്ചീനിയ ലേലം |
| 3 | കാരിക്കോണംചിറ നവീകരണവുമായി ബന്ധപ്പെട്ട ചെ മാറ്റുന്നതിനുള്ള ലേലം |

ഇവയുടെ പുനർലേലം, ലേല നടപടികൾ ഊർജ്ജിതമാക്കാൻ സ്വീ എന്നിവയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(ന മറുപടി ലഭ്യമാക്കിയിട്ടില്ല. പുനർലേലം നടത്തി ലേലം നടക്കുന്നില്ലാത്ത

തീരുമാനങ്ങളിലൂടെ ലേല ഇനങ്ങൾ നശിച്ചുപോകാതെ സമയബ
നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി വരുമാനം തനത് ഫണ്ടിലേക്ക് മുതൽക്
വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലേലം - പിഴ പലിശ ഈടാക്കിയില്ല

വെള്ളനാട് പബ്ലിക്ക് മാർക്കറ്റിൽ നിന്നും നിശ്ചിത റേറ്റിൽ ഗേറ്റ് ഫീസ് പിര
അവകാശം 28/02/2023 തീയതിയിൽ നടന്ന ലേലത്തിൽ ഹരികുമാർ, ചിര
വെമ്പന്നൂർ എന്ന വ്യക്തിയ്ക്ക് 1,01,000/- രൂപയ്ക്ക് നൽകി. 17/02/2023ന്
പരസ്യത്തിലെ ക്രമ നമ്പർ 3 നിബന്ധന പ്രകാരം ഗേറ്റ് ഫീസ് പിരിറ
തുകയുടെ മൂന്നിലൊന്ന് തുക ഉടൻ തന്നെ ഒടുക്കേണ്ടതും ബാക്കി
ഗഡുക്കളായി 2023 ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ 30-ാം തീയതിയ്ക്ക് മു
ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. യഥാസമയം ഗഡുക്കൾ അടയ്ക്കാൻ
18% പിഴ പലിശയോടുകൂടി തുക ഈടാക്കാവുന്നതാണെന്നും
സൂചിപ്പിക്കുന്നു. എന്നാൽ മൂന്നിലൊന്ന് തുക ഉടൻ തന്നെ ഒടുക്കിയെങ്ക
04.12.2023ന് മാത്രമാണ് ഒടുക്കിയത്. ഗഡുക്കൾ അടയ്ക്കാനുണ്ടായ കാല
പലിശ ഈടാക്കിയിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 17/ത
ലഭ്യമാക്കിയില്ല. പിഴ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ട

## 1-14 വാടക കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിലെ വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചത
അപാകതകൾ ചുവടെ ചേർക്കുന്നു. വാടക കുടിശ്ശിക ഈടാക്കാത്തതിന
ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/തീ.22.10.2024) നൽകിയിരുന്നു
ലഭ്യമാക്കിയില്ല.

1) വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥ
കൊടുത്തിരിക്കുന്ന മുറികളുടെ വാടക പിരിച്ചെടുത്തിട്ടില്ല എന്ന് വ്യക്ത

| ക്രമ നം. | പേര്, വിലാസം | പ്രതിമാസ വാടക | വാടക ഈടാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | വി. ഹരികുമാർ, ചിത്തിര, കുറുംന്തോട്ടം, വെമ്പന്നൂർ, അരുവിക്കര (മുറി നമ്പർ 3) | 710+GST | ജൂലൈ 2023 മുത മാർച്ച് 2024 വ |
| 2 | പ്രമീള രാജ്, രാജ് ഭവൻ, തൊള്ളാണിത്തല, വാളിയറ, വെള്ളനാട് (മുറി നമ്പർ 4) | 758+GST | ഏപ്രിൽ 2023 മു മാർച്ച് 2024 വ |
| 3 | സച്ചിൻ, ശശികല വിലാസം, അറുതലംപാട്, കൊണ്ണിയൂർ (മുറി നമ്പർ 5) | 770+GST | ഏപ്രിൽ 2023 മു മാർച്ച് 2024 വ |

| | | | |
|---|---|---|---|
| 4 | സുരേഷ് ആർ,<br>സ്മിത ഭവൻ, പള്ളിത്തറ,<br>വെള്ളനാട് (മുറി നമ്പർ 8) | 730+GST | ഏപ്രിൽ 2023 മു<br>മാർച്ച് 2024 വ |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശിക തുക പരിശോധിച്ച് ഉറപ്പ ഈടാക്കാൻ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്.

2. പഞ്ചായത്തിന്റെ വാടക ബൈലോ ലഭ്യമാക്കിയിട്ടില്ല. അം ലഭ്യമാക്കാത്തതിനാൽ വാടകക്കാരുമായി കരാറിലേർപ്പെടുമ്പേ നിബന്ധനകളിൽ സർക്കാർ മാനദണ്ഡങ്ങളും പാലിക്ക പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായാത്തിന്റെ ആസ്തി കൈവശം വെച്ച് അനുഭവിക്കുന്നവർക്കെതിരെയുള്ള നിയമ നട ദുർബലപ്പെടുത്തുന്നതിന് ഇത് കാരണമായേക്കാം. ബൈ സൂക്ഷിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - പുതുക്കിയ നിരക്കിൽ നിശ്ചയിച്ച്

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 (അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 27-10-2 തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർ പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയ തീയതി മുതൽ 27-10-2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനി ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്ത പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ഉദാഹരണം ചുവടെ

| ക്രമ നം. | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ സൈൻ ചെയ്തത് | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | പുതിയ നിർണ്ണ |
|---|---|---|---|---|---|---|
| 1 | 1/833 | 74.44 | 03/06/2023 | പാർപ്പിടാവശ്യം | 5 | താമസാ ഉപയോ (300ച |
| 2 | 1/713 | 147.35 | 30/06/2023 | പാർപ്പിടാവശ്യം | 5 | താമസാ ഉപയോ (300ച |
